**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5265** **02-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയതിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്, ശ്രീമതി കെ.കെ.രമ, ശ്രീ . ഷാഫി പറമ്പിൽ , ശ്രീ. പി. ടി. തോമസ്** | | **Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയതിന്റെ നിർമ്മാണത്തിനായി കരാർ നൽകിയതും നിർമ്മാണം തുടങ്ങിയതും എന്നൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് കെ.എസ്.ആർ.ടി.സി വാണിജ്യസമുച്ചയത്തിന് കരാർ നല്കിയത് 27/02/2009-നാണ്. നിർമ്മാണം തുടങ്ങിയത് 26/03/2009 - നാണ്. പ്രസ്തുത കെട്ടിടത്തിന്റെ പ്രശ്നങ്ങൾ പഠിക്കാൻ മദ്രാസ് ഐ.ഐ.ടി യെ 10/08/2018 -ൽ ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ പ്രശ്നങ്ങൾ പഠിക്കാൻ മദ്രാസ് ഐ.ഐ.ടി.യെ ചുമതലപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ചുമതലപ്പെടുത്തിയ തീയതി വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് കെ.എസ്.ആർ.ടി.സി വാണിജ്യസമുച്ചയത്തിന് കരാർ നല്കിയത് 27/02/2009-നാണ്. നിർമ്മാണം തുടങ്ങിയത് 26/03/2009 - നാണ്. പ്രസ്തുത കെട്ടിടത്തിന്റെ പ്രശ്നങ്ങൾ പഠിക്കാൻ മദ്രാസ് ഐ.ഐ.ടി യെ 10/08/2018 -ൽ ചുമതലപ്പെടുത്തിയിരുന്നു. |
| (സി) | പ്രസ്തുത സമുച്ചയതിന്റെ പ്രശ്നങ്ങൾ പഠിക്കാൻ മദ്രാസ് ഐ.ഐ.ടി.യെ ചുമതലപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (സി) | ബസ് ടെർമിനൽ കോംപ്ലക്സ് കോഴിക്കോട് കെട്ടിടത്തിന്റെ ബസ് ബേ ഫ്ലോർ സ്ലാബിലും അതിനു താഴത്തെ ഫ്ലോറിലും സ്ലാബിലും (ബി1 &ബി 2നില) ഉള്ള വിള്ളലുകൾ കെ.റ്റി.ഡി.എഫ്.സിയാണ് കണ്ടെത്തിയത്. ബസ് ബേ ഫ്ലോറിലെ വിള്ളലുകൾ പരിശോധിച്ച് പരിഹാര റിപ്പോർട്ട് നൽകുന്നതിനു വേണ്ടി കേരള പി.ഡബ്ളിയു.ഡി സ്ട്രക്ചറൽ വിങ്ങിനെയാണ് ആദ്യമായി സമീപിച്ചത്. എന്നാൽ ഇത്തരം പ്രൂഫ് ചെക്കിങ്ങ് പണികൾ അവർ ഏറ്റെടുക്കില്ല എന്നറിയിച്ചു. അതിനാൽ കോഴിക്കോട് എൻ.ഐ.റ്റിയെ മേൽ പരിശോധനയ്ക്കു വേണ്ടി സമീപിച്ചു. അവരും ഇത്തരം സ്ട്രക്ചറൽ സ്ക്രൂട്ടിനി വർക്കുകൾ ചെയ്യില്ല എന്നറിച്ചതിൻ പ്രകാരമാണ് ഐ.ഐ.ടി മദ്രാസിനെ പരിശോധനയ്ക്കും റിപ്പോർട്ടു സമർപ്പണത്തിനും വേണ്ടി ഏൽപ്പിച്ചത്. |
| (ഡി) | ഈ കെട്ടിടത്തിന്റെ ഏറ്റവും അടിയിലുള്ള 9 | (ഡി) | ഏറ്റവും അടിയിലുള്ള തൂണുകളിൽ വിള്ളലില്ല. |

| | | | |
|---|---|---|---|
| | ളുണകൾക്ക് വിള്ളലുകളും ശേഷിക്കുന്ന നൂറോളം ളുണകൾക്കു ചെറിയ പ്രശ്നങ്ങളും ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുന്ന മദ്രാസ് ഐ.ഐ.ടി.യുടെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | | സ്ലാബുകളിലും ബീമുകളിലുമാണ് വിള്ളലുകൾ ഉള്ളത്. റിപ്പോർട്ടിൽ പ്രസക്ത ഭാഗത്തു പറയുന്നത് "നിലവിൽ ബസ് ടെർമിനലിന്റെ അവസ്ഥ നിർണ്ണായകമാണ്. ബേസ്മെന്റ് ബി1 ഫ്ലോറിലെ സ്ലാബുകളിൽ മൾട്ടിപ്പിൾ ക്രാക്സ് ഉള്ളതിനാലും ബീമുകളിലെ ക്രാക്കുകൾ ന്യൂട്രൽ ആക്സിസും മറികടന്നു പോയതിനാലും ബസ് ടെർമിനലിന്റെ ബസ് ബേ ഫ്ലോർ മദ്രാസ് ഐ.ഐ.ടി മുഖാന്തിരം തിരുത്തൽ / ശക്തിപ്പെടുത്തൽ ജോലികൾ പൂർത്തീകരിക്കുന്നതുവരെ ബസ് ഓപ്പറേഷൻ പാടുള്ളതല്ല “ എന്നാണ്. |

സെക്ഷൻ ഓഫീസർ